7. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പ്ലംമ്പിംഗ് അപ്രന്റീസ് പ്രോഗ്രാം.
8. സർട്ടിഫിക്കറ്റ് ഇൻ ഫീൽഡ് ടെക്നീഷ്യൻ ആന്റ് എ.സി.
9. സർട്ടിഫിക്കറ്റ് ഇൻ മൃച്വൽ ഫണ്ട് ഏജന്റ്
10. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ സ്റ്റെലിംഗ് ആന്റ് ഡ്രസ്സിംഗ് വിമൻസ് ഹെയർ.

(ഡി) ഓരോ കോഴ്സുമായി ബന്ധപ്പെട്ട വ്യവസായ പങ്കാളികളുമായി അസാപ് കരാർ ഒപ്പ് വച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ പങ്കാളികളുടെ വിദഗ്ധരായ പരിശീലകർ ആണ് വിദ്യാർത്ഥികൾക്ക് സ്കിൽ കോഴ്സുകളിൽ പരിശീലനം നൽകുന്നത്. കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവ് വ്യവസായ പങ്കാളികൾക്ക് അസാപ് നൽകും. ഈ സാഹചര്യത്തിൽ വ്യവസായ പങ്കാളികളുടെ പരിശീലകർക്ക് അവരാണ് വേതനം നൽകുന്നത്. കൂടാതെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബേസിക് ഐ.റ്റി. എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്നത് അസാപ്പിന്റെ കീഴിലുള്ള കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകൾ ആണ്. സ്കിൽ എക്സിക്യൂട്ടീവിന് മണിക്കൂറിൽ 500 രൂപ വേതനമായി നൽകുന്നു.

മലപ്പുറത്തെ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷ

85 (3820) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മേൽമുറി എ.എം.ഇ.ടി. സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി ഷഹന ആസിഫയുടെ അപേക്ഷയും ഹൈക്കോടതിയിൽ നിന്നും ഇക്കാര്യത്തിലുള്ള നിർദ്ദേശവും ലഭിച്ചിരുന്നോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ചുള്ള 17757/E2/13/G.Edn. ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സമാനമായ കേസിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ആർക്കെല്ലാമാണ് അംഗീകാരം നൽകിയിട്ടുള്ളത് ; ഒരേ വിഷയത്തിൽ ഒരാൾക്ക് കോടതിയുടെ നിർദ്ദേശപ്രകാരം അനുമതി നൽകുകയും മറ്റൊരാൾക്ക് കോടതി നിർദ്ദേശമുണ്ടായിട്ടും നൽകാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം അടിയന്തിരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മലപ്പുറം മേൽമുറി എ.എം.ഇ.ടി.എച്ച്.എസ്.-ലെ ഹൈസ്കൂൾ (ഇംഗ്ലീഷ്) അദ്ധ്യാപികയായ ശ്രീമതി ഷഹ്ന ആസിഫയുടെ 9-9-2013-ലെ അപേക്ഷ ബഹു. ഹൈക്കോടതിയിൽ ടിയാൾ ഫയൽ ചെയ്ത 21352/13 റിട്ട് പെറ്റീഷനിൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി. കെ.ഇ.ആർ. അനുശാസിക്കുന്ന ചട്ടങ്ങളും നിലവിലുള്ള ഉത്തരവുകളും അനുസരിച്ച് ശ്രീമതി ഷഹ്ന ആസിഫയുടെ 1-6-2011-നു മുമ്പുള്ള സേവനകാലയളവ് അംഗീകരിക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് സർക്കാർ സ.ഉ.(സാധാ) നമ്പർ. 589/15/പൊ.വി. തീയതി 9-2-2015 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകന്റെ ഭാര്യയ്ക്ക് ജോലി

86 (3821) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനേജരുടെ പീഡനവും കള്ളക്കേസും മൂലം ആത്മഹത്യ ചെയ്ത മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി അദ്ധ്യാപകനെ നേരത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട മാനേജരുടെ നടപടി ഡി.പി.ഐ. റദ്ദാക്കിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അദ്ധ്യാപകന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ആത്മഹത്യ ചെയ്ത അദ്ധ്യാപകൻ കെ.കെ. അനീഷിനെ നേരത്തെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ട മാനേജരുടെ നടപടി, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18-5-2015-ലെ വി1/61806/14/ഡിപിഐ നമ്പർ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) നിലവിലുള്ള നിയമപ്രകാരം പ്രസ്തുത മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ മാത്രമേ ടിയാന്റെ ഭാര്യയ്ക്ക് നിയമനം നൽകുവാൻ വ്യവസ്ഥയുള്ളൂ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly